(ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളിലേയും പരീക്ഷ നടത്തി തെരഞ്ഞെടുത്ത ഓരോ എട്ടാംക്ലാസ് വിദ്യാർത്ഥികൾക്ക് വീതമാണ് റാസ്ബെറി പൈ കമ്പ്യൂട്ടർ ആദ്യഘട്ടത്തിൽ നൽകിയത്. ആദ്യഘട്ടത്തിൽ (2014-15) 2512 കിറ്റുകൾ നൽകി. രണ്ടാംഘട്ടത്തിൽ ഗവൺമെന്റ്/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ എട്ടാംക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുത്ത രണ്ട് വിദ്യാർത്ഥികൾക്ക് വീതമാണ് റാസ്ബെറി പൈ കമ്പ്യൂട്ടർ വിതരണം ചെയ്യുന്നത്. 2015-16-ൽ 6288 റാസ്ബെറി പൈ കിറ്റുകളും നൽകി. ഒമ്പതാം ക്ലാസ്സിലെ ഫിസിക്സ് പഠനം ലളിതമാക്കുന്നതിന്റെ ഭാഗമായാണ് ഇലക്ട്രോണിക്സ് കിറ്റ് നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കാണ് ഇത് നൽകുന്നത്. 1218 സ്കൂളുകൾക്കായി 2160 ഇലക്ട്രോണിക്സ് കിറ്റുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി കിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) സ്റ്റാർട്ടപ്പ് മിഷൻ ലഭ്യമാക്കിയിട്ടുള്ള 7500 കിറ്റുകളിൽ 6288 എണ്ണം വിതരണം ചെയ്തുകഴിഞ്ഞു.

(ഡി & ഇ) റാസ്ബെറി കമ്പ്യൂട്ടർ കിറ്റുകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നതും എല്ലാ ചെലവുകളും വഹിക്കുന്നതും ഐ.റ്റി. വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ടപ്പ് മിഷൻ ആണ്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

77 (1153) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിരുന്നോ ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികളുടെ റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവരസാങ്കേതികവിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖലയിലെ പരിശീലനം എന്നിവ നൽകി വരുന്നു. ഇതിനകം 1074 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും, ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും, കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയേറ്റും പ്രവർത്തിച്ചുവരുന്നു.

പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

78 (1154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ഈ വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും ഹയർ സെക്കണ്ടറി പുതുതായി അനുവദിച്ച എത്ര സർക്കാർ സ്കൂളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതുതായി ഹയർ സെക്കണ്ടറി അനുവദിച്ച സ്കൂളുകളിൽ എവിടെയൊക്കെയാണ് പിന്നീട് അഡീഷണൽ ബാച്ചുകൾ ആരംഭിച്ചത്; ഇത്തരത്തിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly